കഞ്ചാവ്, മയക്കുമരുന്ന് ലോബിയിൽ നിന്ന് സംസ്ഥാനത്തെ രക്ഷിക്കാൻ നടപടി

23 (*483) ശ്രീ. ബിനോയ് വിശ്വം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിനകത്തും പുറത്തും ശക്തിപ്പെടുന്ന കഞ്ചാവ്, മയക്കുമരുന്ന് ലോബികളുടെ പിന്നിൽ പ്രബലരായ രാഷ്ട്രീയ ശക്തികളും അധികാര കേന്ദ്രങ്ങളും ഉണ്ടെന്ന് വിമർശനം ഗവണ്മെന്റ് ഗൗരവമായി കാണുന്നുണ്ടോ ;

(ബി) മയക്കുമരുന്ന് ലോബിയിൽ നിന്ന് സംസ്ഥാനത്തെ രക്ഷിക്കാൻ ഊർജ്ജിത നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് സന്നദ്ധമാണോ ;

(സി) വമ്പിച്ച പ്രചാരണത്തോടുകൂടി നടക്കുന്ന കഞ്ചാവ് വേട്ട ആസൂത്രിതമായ പ്രഹസനമാണെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) കഞ്ചാവ് വേട്ട സബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ സഭയെ അറിയിക്കുമോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) :

(എ) ഇത്തരത്തിലുള്ള ഒരു വിമർശനത്തെക്കുറിച്ച് അധികാരികമായ അറിവൊന്നും സർക്കാരിനില്ല ; എങ്കിലും സർക്കാർ ഇത്തരം കാര്യങ്ങൾ അതീവ ഗൗരമായാണ് കാണുന്നത്.

(ബി) ഇക്കാര്യത്തിൽ ആവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നുണ്ട്.

(സി) പ്രചാരണത്തോടുകൂടിയല്ല കഞ്ചാവ് വേട്ട നടത്തുന്നത്.

(ഡി) 2001, 2002, 2003 വർഷങ്ങളിൽ 48 റെയ്ഡുകളിലായി ഇടുക്കി, പാലക്കാട്, തൃശ്ശൂർ, മലപ്പുറം എന്നീജില്ലകളിൽ നിന്നും 13, 31, 157 കഞ്ചാവ് ചെടികളും 2787.75 കി. ഗ്രാം കഞ്ചാവും നശിപ്പിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 45 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏകദേശം 538 ഏക്കർ സ്ഥലത്തെ കഞ്ചാവ് ചെടികളാണ് നശിപ്പിച്ചിട്ടുള്ളത്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വിദേശ മലയാളികൾ സംസ്ഥാനത്തേക്ക് അയയ്ക്കുന്ന തുക

1 (2449) ശ്രീ. പി. ജെ. ജോയി :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. എഴുകോൺ നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ വിദേശ മലയാളികൾ പ്രതിവർഷം എന്തുതുക സംസ്ഥാനത്തേക്ക് അയക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly